പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1369 02.05.2017-ലെ മറുപടിക്ക്

## തൊടുപുഴ കോതമംഗലം സർവ്വീസ്

**ചോദ്യം**
ശ്രീ. ആന്റണി ജോൺ

**ഉത്തരം**
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊടുപുഴ ഡിപ്പോയിൽ നിന്നും പൈങ്ങോട്ടൂർ - വാക്കത്തിപ്പാറ - ഈട്ടിപ്പാറ വഴി കോതമംഗലത്തേക്ക് നടത്തിവന്നിരുന്ന സർവ്വീസ് ഇപ്പോൾ നിറുത്തിവച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ നിരവധി ഉൾപ്രദേശങ്ങളിലെ നൂറ് കണക്കിന് യാത്രക്കാർക്ക് ഉപകാരപ്രദമായിരുന്ന പ്രസ്തുത സർവ്വീസ് അടിയന്തരമായി പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) യും (സി) യും | തൊടുപുഴ ഡിപ്പോയിൽ നിന്നും പൈങ്ങോട്ടൂർ - വാക്കത്തിപ്പാറ - ഈട്ടിപ്പാറ വഴി കോതമംഗലത്തേക്ക് നടത്തിവന്നിരുന്ന സർവ്വീസ് റോഡിന്റെ ശോചനീയാവസ്ഥ കാരണമല്ല, വരുമാനക്കുറവ് കാരണമാണ് നിർത്തലാക്കിയത്. നഷ്ടത്തിലുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് സർവ്വീസ് പുനഃരാരംഭിക്കുന്നതിന് ശ്രമിക്കുന്നതാണ്. |
| (സി) | റോഡിന്റെ ശോച്യാവസ്ഥമൂലമാണ് സർവ്വീസ് നിറുത്തലാക്കിയിരുന്നത് എന്നതിനാൽ പ്രസ്തുത റോഡിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ സർവ്വീസ് പുനരാരംഭിക്കുന്നതിന് വേറെ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**